# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-'26

## എൻ. എം. യു. പി. സ്കൂൾ, കങ്ങഴ

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

## മികവിലേക്ക് ഒരു ചുവട്

# ഉള്ളടക്കം


| തലക്കെട്ട് | പേജ്നമ്പർ |
|---|---|
| ആമുഖം | 05 |
| അക്കാദമിക പരിമിതികൾ | 06 |
| അടിസ്ഥാന വിവരങ്ങൾ | 08 |
| വിദ്യാലയ വികസന കാഴ്ച്ചപ്പാട് | 10 |
| പൊതുലക്ഷ്യങ്ങൾ | 13 |
| സവിശേഷ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും | 15 |
| മലയാളം | 16 |
| സംസ്കൃതം | 19 |
| ഇംഗ്ലീഷ് | 24 |
| ഹിന്ദി | 32 |

ഗണിതം 38

അടിസ്ഥാന ശാസ്ത്രം 45

സാമൂഹശാസ്ത്രം 51

ലൈബ്രറി നവീകരണം 56

# ആമുഖം

പൊതുവിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമികവും സാമൂഹ്യവുമായ എല്ലാ പരിമിതികളും പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന് സർക്കാർ തുടക്കമിട്ടിരിക്കുകയാണ്. പൊതുവിദ്യാഭ്യാസരംഗം ആധുനികവൽക്കരിക്കുക, അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിന് ഉതകുന്ന പഠനോപകരണങ്ങൾ സ്കൂളുകളിലെത്തിക്കുക, ഉന്നത നിലവാരത്തിൽ അധ്യയനം ഉറപ്പാക്കുന്നതിന് കാര്യക്ഷമമായ അധ്യാപകപരിശീലനം നടപ്പിൽ വരുത്തുക, തനതായ ജനകീയ വിദ്യാഭ്യാസ മാതൃക കേരളത്തിൽ സൃഷ്ടിക്കുക, കുട്ടികളുടെ കായിക, മാനസിക, സാമൂഹ്യ നിലവാരം ശക്തിപ്പെടുത്തുക, പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്നി മുഖ്യ ലക്ഷ്യങ്ങളാണ് ഈ യജ്ഞത്തിനുള്ളത്.

ധാരാളം പ്രതിഭാസമ്പന്നരെ സമൂഹത്തിന് സംഭാവന ചെയ്തുകൊണ്ട് നാടിന്റെ വികസനത്തിന് വെളിച്ചം നൽകികൊണ്ടിരിക്കുന്ന എൻ. എം. യു. പി. സ്കൂൾ കണ്ടഴ ഇന്ന് ഒമ്പത് പതിറ്റാണ്ടുകൾ പിന്നിടുകയാണ്. സ്കൂളിലെ അക്കാഡമിക മികവും പാഠ്യേതര പ്രവർത്ത നങ്ങളുടെ വ്യത്യസ്തതയും കുട്ടികളുടെ സമഗ്രമായവളർച്ച ലക്ഷ്യം വയ്ക്കുന്നു.

അക്കാദമിക മികവിലൂടെ വിദ്യാലയമികവ് എന്ന ലക്ഷ്യ ത്തിലേക്കുള്ള യാത്രയിലാണ് സ്കൂൾ 200 അധ്യയന ദിനങ്ങളും 1000 മണിക്കൂർ പഠനസമ യവും ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധ പുലർത്തുന്നു. അക്കാദമിക സമയം അല്പം പോലും നഷ്ടപ്പെടുത്താതെ അധിക സമയം അധ്യാപകരും കുട്ടികളും പ്രവർത്തിച്ചുകൊണ്ട് കുട്ടികളിൽ സർഗ്ഗശേഷിയും പഠന മികവും വളർത്താൻ ശ്രമിക്കുന്നു. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്കായി ശ്രദ്ധ, റെമഡിയൽ ടീച്ചിംഗ് എന്നി പ്രവർത്തനങ്ങളിലൂടെ തുല്യത ഉറപ്പു വരുത്താൻ ശ്രമം നടത്തുന്നു.

## അക്കാദമിക പരിമിതികൾ

1. വിദ്യാഭ്യാസരംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങളായ തുല്യത ഗുണത എന്നിവ ഉറപ്പു വരുത്തേണ്ടതുണ്ട്.

2. കുട്ടിയുടെ സർവ്വതോമുഖമായ വികാസത്തിനുതകുന്ന പഠനാന്തരീക്ഷം ഒരുക്കുന്നതിന് ആധു നിക സാങ്കേതിക വിദ്യയുടെ വിവിധ സാധ്യതകൾ (ഐസിറ്റി, പഠനവിഭവ സിഡി, അക്കാദമിക പോർട്ടൽ, ഇന്ററാക്ടീവ് ക്ലാസ്സ് റൂം, നവമാധ്യമ സാധ്യത) പ്രയോജനപ്പെടുത്തുന്നതിന് കഴിയേണ്ടതുണ്ട്.

3. പഠനമികവുള്ള കുട്ടികൾക്കായി അവരുടെ സർഗ്ഗശേഷിയുടെ വളർച്ചയ്ക്കാവശ്യമായ അധിക പഠനാനുഭവങ്ങൾ ഒരുക്കികൊടുക്കേണ്ടതുണ്ട്.

4. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികളുടെ കുടുംബാന്തരീക്ഷം, സാമൂഹ്യ സാഹചര്യം എന്നിവ മനസ്സിലാക്കി പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് കഴിയുന്നില്ല.

5. ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളും പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതുണ്ട്.

6. കുട്ടികളുടെ ആരോഗ്യ കായിക വളർച്ച ലക്ഷ്യം വച്ചുകൊണ്ട് വിവിധ പരിശീലനങ്ങൾ (യോഗ, കളരി, നീന്തൽ, തായ്ക്കൊണ്ട്, എയറോബിക്സ്...) നൽകുന്നതിന് സ്ഥലപരിമിതി തടസ്സം നിൽക്കുന്നു.

7. സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി, ഗ്രാമീണ ഗ്രന്ഥശാലകൾ ഇവയെ ഉപയോഗിച്ചുകൊണ്ട് വായനയുടെ പുതുലോകത്തേക്ക് കുട്ടികളെ നയിക്കേണ്ടതുണ്ട്.

8. വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ലക്ഷ്യത്തോടെ വിവിധ ആശയങ്ങളും വസ്തുതകളും ചിത്രീകരിച്ചുകൊണ്ട് ക്ലാസ്സ് മുറികളും സ്കൂൾ പരിസരവും ആകർഷകമാക്കാൻ കഴിയണം.

09. വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ലക്ഷ്യത്തോടെ സ്കൂളിന് സമീപം ജൈവ വൈവിധ പാർക്ക് നിർമ്മിച്ചുകൊണ്ട് കുട്ടികളിൽ പാരിസ്ഥിതികാവബോധം ഉണ്ടാക്കാൻ സ്ഥലപരിമിതി തടസ്സം സൃഷ്ടിക്കുന്നു.

10. സി.പി.ടി.എ, എം.പി.ടി.എ, പി.ടി.എ, എസ് എസ്.ജി. എസ്.എം.സി പൂർവ്വവിദ്യാർത്ഥി - പൂർവ്വാധ്യാപക സംഘടനകൾ എന്നി കൂട്ടായ്മകളെ ശക്തിപ്പെടുത്തികൊണ്ട് പഠനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ചില പരിമിതികൾ നിലനിൽക്കുന്നുണ്ട്.

11. ജനാധിപത്യ ബോധം, വിമർശനാത്മകചിന്ത, സംവാദാത്മക പഠനം എന്നിവ ലക്ഷ്യം വച്ചുകൊണ്ട് സ്കൂൾ പാർലമെന്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയുന്നില്ല.

12. ജീവിതനൈപുണിയും, തൊഴിൽ പരിശീലനവും കുട്ടികളിൽ എത്തിച്ചുകൊണ്ട് പരിശീലനം നൽകുന്നതിന് ചില പരിമിതികൾ നിലനിൽക്കുന്നു.

13. സ്കൂൾ അക്കാദമിക പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന എസ്.ആർ.ജി, സബ്ജക്ട് കൗൺസിൽ എന്നിവ ശക്തിപ്പെടുത്തേണ്ടതുണ്ട്.

## അടിസ്ഥാന വിവരങ്ങൾ

## എൻ. എം. യു. പി. സ്കൂൾ കങ്ങഴ

| | |
|---|---|
| ഗ്രാമ പഞ്ചായത്ത് | കങ്ങഴ |
| വാർഡ് | 10 |
| ബി. ആർ. സി | കറുകച്ചാൽ |
| ബ്ലോക്ക് | വാഴൂർ |
| ഉപജില്ല | കറുകച്ചാൽ |
| വിദ്യാഭ്യാസ ജില്ല | കാഞ്ഞിരപ്പള്ളി |
| ജില്ല | കോട്ടയം |
| ഫോൺ നമ്പർ | 0481-2495178 |
| ഇ മെയിൽ | knmups@gmail.com |
| ഹെഡ്മിസ്ട്രസ് | സൂസൻ സാമുവേൽ |
| ഹെഡ്മിസ്ട്രസ് ഫോൺ നമ്പർ | +91 85472 72772 |
| അധ്യാപകരുടെ എണ്ണം | |
| ഹെഡ്മിസ്ട്രസ് | 01 |
| യു. പി. എസ്. ടി | 04 |

# 2025-2026 അക്കാദമിക വർഷത്തിലെ

# കുട്ടികളുടെ എണ്ണം

| | SC | | | OBC | | | OEC | | | GENERAL | | | TOTAL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL |
| V | 0 | 0 | 0 | 0 | 0 | 0 | 3 | 4 | 7 | 0 | 3 | 3 | 3 | 7 | 10 |
| VI | 0 | 0 | 0 | 0 | 1 | 1 | 4 | 1 | 5 | 1 | 3 | 4 | 5 | 5 | 10 |
| VII | 0 | 1 | 1 | 1 | 0 | 1 | 6 | 6 | 12 | 1 | 4 | 5 | 8 | 11 | 19 |
| TOTAL | 0 | 1 | 1 | 1 | 1 | 2 | 13 | 11 | 24 | 2 | 10 | 12 | 16 | 23 | 39 |

## ഭാഗം 1

## വിദ്യാലയ വികസന കാഴ്ചപ്പാട്

'അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് 'എന്ന ലക്ഷ്യത്തിലൂന്നി എൻ.എം.യു.പി.സ്കൂൾ കണ്ടഴ നിലവിലുള്ള അക്കാദമിക പരിമിതികളെ കണ്ടെത്തുകയും അത് പരിഹരിക്കാനുതകുന്ന ഒരു അക്കാദമിക വികസന കാഴ്ചപ്പാട് രൂപീകരിക്കുകയും ചെയ്യുന്നു. ശിശുസൗഹൃദവും പ്രവർത്തനാധിഷ്ഠിതവും പഠനാനുഭവങ്ങൾക്ക് മുൻതൂക്കം നൽകുന്നതുമായ ഒരു പ്രവർത്തന പദ്ധതി ഇതിലൂടെ വിഭാവന ചെയ്യുന്നു. ദീർഘ കാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളും ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളും ഈ മാർഗ്ഗരേഖ ലക്ഷ്യം വയ്ക്കുന്നു ഉയർന്ന നിലവാരമുള്ളവർ, ശരാശരി നിലവാരമുള്ളവർ, താഴ്ന്ന നിലവാരമുള്ളവർ എന്നീ മൂന്ന് തലത്തിലുമുള്ള കുട്ടികളെ അടിസ്ഥാനമാക്കി പ്രത്യേകം പദ്ധതികൾ ഈ പദ്ധതിയിലൂടെ അവതരിപ്പിക്കുന്നു.

അക്കാദമിക പിന്തുണാ സംവിധാനങ്ങളുടെ (എസ്.എസ്.ജി.ആർ.സി, ഡയറ്റ്, എസ്.സി.ഇ. ആർ.ടി) സഹായത്തോടെ പദ്ധതി കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതാണ്. വാർഷിക കലണ്ടർ മാസ കലണ്ടർ എന്നിവ തയ്യാറാക്കി സ്കൂളിലെ എസ് ആർ ജി സബ്ജക്ട് കൗൺസിൽ എന്നിവയുടെ നേതൃത്വത്തിൽ പദ്ധതിയിലെ പ്രവർത്തന ങ്ങൾ ഏറ്റെടുക്കുന്നതാണ്. എം പി ടി എ, പി.ടി.എ, എസ്.എം.സി, എസ് എസ്.ജി. സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങിയ കൂട്ടായ്മകളെ ശക്തിപ്പെടുത്തികൊണ്ട് ആസൂത്രണം,നിർവ്വഹണം, വിലയിരുത്തൽ മേഖ ലകളിൽ സമൂഹപങ്കാളിത്തം ഉറപ്പുവരുത്തും.

നല്ലവായന, നല്ലപഠനം, നല്ല ജീവിതം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ പുതിയൊരു വായന സംസ്കാരം കുട്ടികളിലെത്തിക്കാൻ പദ്ധതിയുണ്ട്. സ്കൂൾ ലൈബ്രറി നവീകരണം, ക്ലാസ്സ് ലൈബ്രറി സ്ഥാപിക്കൽ, ഗ്രാമീണഗ്രന്ഥശാലകളിൽ അംഗത്വമെടുക്കൽ എന്നീ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടത്തുന്നതാണ്; പുസ്തക വായന, പുസ്തകാസ്വാദനം, സർഗ്ഗസൃഷ്ടികൾ എന്നീ ലക്ഷ്യങ്ങൾ സാധ്യമാകുന്നതി നായി വായനോത്സവം, കാവ്യാസ്വാദനക്ലാസ്സ്, കഥയരങ്ങ്, കവിതാവേദി, ഏകദിനവായന ക്യാമ്പ് എന്നിവ നടത്തുന്നതാണ്.

ഐ. സി. ടി അധിഷ്ഠിത പഠനം

അടുത്ത രണ്ട് വർഷം കൊണ്ട് സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ആധുനിക വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗത്തിന് പരിശീലനം നൽകുന്നതാണ്. സ്കൂൾ ബ്ലോഗ്, സമഗ്ര പോർട്ടൽ, മറ്റ് വിദ്യാഭ്യാസ ബ്ലോഗു കൾ വിദ്യാഭ്യാസ ആപ്പുകൾ, നവ മാധ്യമസാധ്യത ഇവ പ്രയോജനപ്പെടുത്തിക്കൊണ്ട് പഠനം കൂടുതൽ ആസ്വാദ്യകരവും അനായാസവുമാക്കാൻ കഴിയും.

**വിദ്യാലയ കൂട്ടായ്മകളെ ശക്തിപ്പെടുത്തൽ**

പഠനത്തിന്റെ ഗുണത, തുല്യത ഇവ ഉറപ്പുവരുത്തണമെങ്കിൽ വിദ്യാലയത്തിലെ വിവിധ കൂട്ടായ്മകളുടെ ശക്തി പ്പെടൽ അനിവാര്യമാണ്. എം.പി.ടി.എ, പി.ടി.എ, എസ്.എം.സി, എസ്.എസ് ജി, പൂർവ്വ വിദ്യാർത്ഥി - പൂർവ്വാധ്യാപക സംഘടനകൾ ഇവയുടെ സജീവമായ ഇടപെടലിലൂടെ മാത്രം ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടി കൾക്കും എന്ന ലക്ഷ്യത്തിലേക്ക് എത്താൻ കഴിയൂ. വിദ്യാർത്ഥി അധ്യാപകൻ - രക്ഷിതാവ് എന്ന ത്രികോണം പൂർണമാ കണമെങ്കിൽ രക്ഷിതാവിന്റെ പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. കുട്ടികളിലെ പഠനപിന്നോക്കാവസ്ഥയ്ക്ക് പ്രധാനകാരണം രക്ഷിതാവിന്റെ ചുമതലയെന്താണെന്നുള്ള ബോധമില്ലായ്മയാണ്. കുട്ടികയുടെ മികവും പരിമിതിയും രക്ഷിതാവ് ബോധ്യപ്പെടണം. പഠന പ്രവർത്തനങ്ങളിൽ രക്ഷിതാവിന്റെ പങ്കാളിത്തം കൂടി ഉറപ്പാക്കുന്നതിന് വിദ്യാലയ കൂട്ടായ്മകളെ ശക്തി പെടുത്തിയേ മതിയാകൂ.

**സ്കൂൾ കലാകേന്ദ്രം**

സംഗീതം, ചിത്രരചന, നൃത്തം, അഭിനയം എന്നി മേഖലകളിൽ സവിശേഷ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിന് സ്കൂൾ കലാകേന്ദ്രം സ്ഥാപിക്കും. സ്കൂളിലുള്ള

## ഭാഗം 2

### എ. പൊതുലക്ഷ്യങ്ങൾ

1. ഭാഷാപരമായ ശേഷികളുടെ വികസനം
2. ഗണിത പരമായ ശേഷികളുടെ വികസനം
3. ശാസ്ത്രാഭിരുചി വളർത്തിയെടുക്കൽ
4. ജനാധിപത്യബോധവും വിമർശനാത്മക ചിന്തയും വളർത്തി കുട്ടികളിൽ സാമൂഹ്യ ശാസ്ത്രാവബോധം വളർത്തുക
5. വിദ്യാഭ്യാസ രംഗത്തെ രണ്ടാം തല പ്രശ്നങ്ങളായ തുല്യത ഗുണം എന്നിവ ഉറപ്പുവരുത്തുക
6. ആധുനിക സാങ്കേതിക വിദ്യയുടെ വിവിധ വശങ്ങൾ പ്രയോജനപ്പെടുത്തി പഠനം കൂടുതൽ അനായാസവും താത്പര്യമുണർത്തുന്നതും ആക്കുക
7. നിലവാരമുള്ള കുട്ടികളെ കൂടുതൽ പരിശീലനം നൽകി ഉയർന്ന നിലവാരത്തിലെത്തിക്കുക
8. സാമ്പത്തിക-സാമൂഹ്യ പിന്നോക്കാവസ്ഥ മൂലം പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് കൈത്താങ്ങ് നൽകി മറ്റ് കുട്ടികൾക്കൊപ്പം എത്തിക്കുക
9. കുട്ടികളുടെ ആരോഗ്യ കായിക ശേഷികളുടെ വളർച്ചയ്ക്കാവശ്യമായ പരിശീലനം നൽകി മികവുറ്റതാക്കുന്നു.
10. സ്കൂൾ ലൈബ്രറി നവികരണം, ക്ലാസ്സ് ലൈബ്രറി സ്ഥാപിക്കൽ. ഗ്രാമീണ ഗ്രന്ഥശാലകളുടെ ഉപയോഗം എന്നിവയിലൂടെ പുതിയൊരു വായന സംസ്കാരം വളത്തിയെടുക്കുക.

സാമ്പത്തിക വിശകലനം

## മേഖല അക്കാദമികം

## ബി. സവിശേഷ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

## മലയാളം - യു.പി. വിഭാഗം

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/ കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| 1.ഭാഷാപരമായ ശേഷി വികസനം | വായന | ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കാനുള്ള ശേഷി നേടുന്നു. | ജൂൺ ജൂലൈ ഓഗസ്റ്റ് | വായന കാർഡ് റീഡിംഗ് മെറ്റീരിയൽ<br>കഥ, കവിത പുസ്തകങ്ങൾ | |
| | ലേഖനം | തെറ്റില്ലാതെയും ആശയവ്യക്തീകരണത്തോടെ എഴുതാനുള്ള ശേഷി നേടുന്നു. | | കഥ, കവിത പുസ്തകങ്ങൾ | |
| 2.സർഗ്ഗാത്മക ശേഷി വികസനം | ആസ്വാദനം | വിവിധ വ്യവഹാരരൂപങ്ങളിലുള്ള സൃഷ്ടികൾ വായിച്ചും ആസ്വദിക്കുന്നതിനുള്ള ശേഷി നേടുന്നു. | സെപ്റ്റംബർ ഒക്ടോബർ നവംബർ ഡിസംബർ | | |
| | സർഗ്ഗ സൃഷ്ടി | വിവിധ വ്യവഹാര രൂപത്തിലുള്ള സാഹിത്യരൂപങ്ങൾ | ജനുവരി | | |

| | | | | | |
|---|---|---|---|---|---|
| 3. വായന | ലൈബ്രറി പുസ്തകങ്ങൾ ആസ്വദിക്കുന്നു | സൃഷ്ടിക്കുന്നതിനുള്ള ശേഷി നേടുന്നു<br><br>ഗ്രാമീണ ഗ്രന്ഥശാലകളിലും സ്കൂളിലെ ലൈബ്രറികളിലുമുള്ള ഗ്രന്ഥങ്ങൾ വായിക്കാനുള്ള താൽപര്യം ഉണ്ടാകുന്നു | ഫെബ്രുവരി മാർച്ച്<br><br>എല്ലാ മാസവും | സ്കൂൾ ലൈബ്രറി, പി. ടി. എ, എം. പി. ടി. എ | |

## മലയാളം - യു.പി. വിഭാഗം

**ലക്ഷ്യം: മലയാള ഭാഷാപരമായ ശേഷികളുടെ വികസനം**

1 ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കാനുള്ള ശേഷി നേടുന്നു.

2. ആശയ വ്യക്തതയോടെ തെറ്റില്ലാതെ എഴുതാനുള്ള ശേഷി നേടുന്നു.

3. വിവിധ വ്യവഹാര രൂപങ്ങളിലുള്ള സൃഷ്ടികൾ, കൃതികൾ എന്നിവ വായിച്ച് ആസ്വദിക്കുന്നതിനുള്ള ശേഷി നേടുന്നു.

4. വിവിധ സാഹിത്യ രൂപങ്ങളിലുള്ള സൃഷ്ടികൾ നടത്തുന്നതിനുള്ള ശേഷി നേടുന്നു.

5. ഗ്രാമീണ ഗ്രന്ഥശാലകളിലും സ്കൂൾ ലൈബ്രറിയിലുമുള്ള ഗ്രന്ഥങ്ങൾ വായിക്കാനും ആസ്വദിക്കാനുമുള്ള ശേഷി നേടുന്നു.

| മലയാളം - യു.പി. വിഭാഗം | | | | | | |
|---|---|---|---|---|---|---|
| ശേഷി | പ്രവർത്തനം | സമയം / കാലം | ഹ്രസ്വം /ദീർഘം | ചുമതല | ഭൗതികം | പിന്തുണ |
| ഒഴുക്കോടെയും തെറ്റില്ലാതെയും വടിവോടെയും ലേഖനത്തിനുള്ള ശേഷി | പ്രീ ടെസ്റ്റ് ഗ്രൂപ്പിംഗ് പദസൂര്യൻ കഥാപൂരണം കവിതാപൂരണം പതിപ്പുകൾ കയ്യെഴുത്ത് മത്സരം ചുവർ പ്രതിക മാസിക | ജൂൺ ജൂലൈ | ഹ്രസ്വം | ക്ലാസ് ടീച്ചർ | വായന സാമഗ്രി ചാർട്ട് പേപ്പർ മാർക്കർ പെൻ | ബി. ആർ. സി. എസ്. ആർ. ജി |
| | | ആഗസ്റ്റ് മുതൽ മാർച്ച് വരെ | ദീർഘം | ഭാഷാധ്യാപകർ | പേപ്പർ പേന | |
| ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കുന്നതിനുള്ള ശേഷി നേടുന്നു | ഗ്രൂപ്പിംഗ് ഭാഷാ നിലവാരത്തിന്റെ | ജൂൺ 3 | ഹ്രസ്വം | ക്ലാസ് ടീച്ചർ | അക്ഷരകാർഡുകൾ | അധ്യാപകർ രക്ഷിതാക്കൾ ബി.ആർ.സി |

| | | | | | | |
|---|---|---|---|---|---|---|
| | അടിസ്ഥാനത്തിൽ മൂന്ന് ഗ്രൂപ്പ് വായന മത്സരം ഗ്രന്ഥശാല അംഗത്വം വാർത്ത വായന | ജൂലൈ മുതൽ മാർച്ച് വരെ | ദീർഘം | രക്ഷിതാക്കൾ | പുസ്തകങ്ങൾ ചാർട്ട് | സ്കൂൾ അസംബ്ലി രക്ഷാകർതൃ പങ്കാളിത്തം |

# സംസ്കൃതം- യു.പി. വിഭാഗം

ലക്ഷ്യം: സംസ്കൃത ഭാഷാപരമായ ശേഷികളുടെ വികസനം

1 ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കാനുള്ള ശേഷി നേടുന്നു.

2. ആശയ വ്യക്തതയോടെ തെറ്റില്ലാതെ എഴുതാനുള്ള ശേഷി നേടുന്നു.

3. വിവിധ വ്യവഹാര രൂപങ്ങളിലുള്ള സൃഷ്ടികൾ, കൃതികൾ എന്നിവ വായിച്ച് ആസ്വദിക്കുന്നതിനുള്ള ശേഷി നേടുന്നു.

4. വിവിധ സാഹിത്യ രൂപങ്ങളിലുള്ള സൃഷ്ടികൾ നടത്തുന്നതിനുള്ള ശേഷി നേടുന്നു.

5. ഗ്രാമീണ ഗ്രന്ഥശാലകളിലും സ്കൂൾ ലൈബ്രറിയിലുമുള്ള ഗ്രന്ഥങ്ങൾ വായിക്കാനും ആസ്വദിക്കാനുമുള്ള ശേഷി നേടുന്നു.

# മേഖല അക്കാദമികം

## ബി. സവിശേഷ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

## സംസ്കൃതം - യു.പി. വിഭാഗം

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/ കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| 1.ഭാഷാപരമായ ശേഷി വികസനം | വായന | ഒഴുക്കോടെയും തെറ്റില്ലാതെയും "വായിക്കാനുള്ള ശേഷി നേടുന്നു. | ജൂൺ ജൂലൈ ആഗസ്റ്റ് | വായന കാർഡ് റീഡിംഗ് മെറ്റീരിയൽ<br>കഥ, കവിത പുസ്തകങ്ങൾ | |
| | ലേഖനം | തെറ്റില്ലാതെയും ആശയക്രമീകരണത്തോടെ എഴുതാനുള്ള ശേഷി നേടുന്നു. | | കഥ, കവിത പുസ്തകങ്ങൾ | |
| 2.സർഗ്ഗാത്മക ശേഷി വികസനം | ആസ്വാദനം | വിവിധ വ്യവഹാരരൂപങ്ങളിലുള്ള സൃഷ്ടികൾ വായിച്ചും ആസ്വദിക്കുന്നതിനുള്ള ശേഷി നേടുന്നു. | സെപ്റ്റംബർ ഒക്ടോബർ നവംബർ ഡിസംബർ | | |
| | സർഗ്ഗ സൃഷ്ടി | വിവിധ വ്യവഹാര രൂപത്തിലുള്ള സാഹിത്യരൂപങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശേഷി നേടുന്നു | ജനുവരി ഫെബ്രുവരി | | |

| | | | | | |
|---|---|---|---|---|---|
| 3. വായന | ലൈബ്രറി പുസ്തകങ്ങൾ ആസ്വദിക്കുന്നു | ഗ്രാമീണ ഗ്രന്ഥശാലകളിലും സ്കൂളിലെ ലൈബ്രറികളിലുമുള്ള ഗ്രന്ഥങ്ങൾ വായിക്കാനുള്ള താല്പര്യം ഉണ്ടാകുന്നു | മാർച്ച്<br>എല്ലാ മാസവും | സ്കൂൾ ലൈബ്രറി, പി. ടി. എ, എം. പി. ടി. എ | |

| സംസ്കൃതം- യു.പി. വിഭാഗം | | | | | | |
|---|---|---|---|---|---|---|
| ശേഷി | പ്രവർത്തനം | സമയം / കാലം | ഹ്രസ്വം /ദീർഘം | ചുമതല | ഭൗതികം | പിന്തുണ |
| ഒഴുക്കോടെയും തെറ്റില്ലാതെയും വടിവോടെയും ലേഖനത്തിനുള്ള ശേഷി | പ്രി ടെസ്റ്റ് ഗ്രൂപ്പിംഗ് പദസൂര്യൻ കഥാപൂരണം കവിതാപൂരണം പതിപ്പുകൾ കയ്യെഴുത്ത് മത്സരം ചുവർ പ്രതിക മാസിക | ജൂൺ ജൂലൈ | ഹ്രസ്വം | ക്ലാസ് ടീച്ചർ | വായന സാമഗ്രി ചാർട്ട് പേപ്പർ മാർക്കർ പെൻ | ബി. ആർ. സി. എസ്. ആർ. ജി |
| | | ആഗസ്റ്റ് മുതൽ മാർച്ച് വരെ | ദീർഘം | ഭാഷാധ്യാപകൻ | പേപ്പർ പേന | |
| ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കുന്നതിനുള്ള ശേഷി നേടുന്നു | ഗ്രൂപ്പിംഗ് ഭാഷാ നിലവാരത്തിന്റെ | ജൂൺ 3 | ഹ്രസ്വം | ക്ലാസ് ടീച്ചർ | അക്ഷരക്കാർഡുകൾ | അധ്യാപകർ രക്ഷിതാക്കൾ ബി.ആർ.സി |

| | | | | | | |
|---|---|---|---|---|---|---|
| | അടിസ്ഥാനത്തിൽ മൂന്ന് ഗ്രൂപ്പ് വായന മത്സരം ഗ്രന്ഥശാല അംഗത്വം വാർത്ത വായന | ജൂലൈ മുതൽ മാർച്ച് വരെ | ദീർഘം | രക്ഷിതാക്കൾ | പുസ്തകങ്ങൾ ചാർട്ട് | സ്കൂൾ അസംബ്ലി രക്ഷാകർതൃ പങ്കാളിത്തം |

# ഇംഗ്ലീഷ് യു.പി. വിഭാഗം

**ലക്ഷ്യം:**

ഇംഗ്ലീഷ് ഭാഷാപരമായ ശേഷികളുടെ വികസനം

1. ലിസണിംഗ് സ്പീക്കിംഗ്, റീഡിംഗ്, റൈറ്റിംഗ് ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ കേട്ട് മനസ്സിലാക്കുന്നതിനും പറഞ്ഞ് പ്രകടിപ്പി ക്കുന്നതിനും വായിച്ച് മനസ്സിലാക്കുന്നതിനും എഴുതി പ്രകടിപ്പിക്കുന്ന തിനും ശേഷി നേടുന്നു.

2. സർഗ്ഗശേഷി ഇംഗ്ലീഷ് ഭാഷയിലെ കൃതികൾ (സാഹിത്യ സൃഷ്ടികൾ)വിവിധ വ്യവഹാര രൂപങ്ങൾ എന്നിവ വായിച്ചും കേട്ടും ആസ്വദിക്കുന്നതിനും സാഹിത്യ സൃഷ്ടി നടത്തുന്നതിനും ശേഷി നേടുന്നു.

| ഇംഗ്ലീഷ് യു.പി. വിഭാഗം | | | | | |
|---|---|---|---|---|---|
| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/ കാലം | ഭൗതികം | സാമ്പത്തികം |
| ഭാഷാപരമായ ശേഷികളുടെ വികസനം | ലിസണിംഗ് | ഒഴുക്കോടെ ഇംഗ്ലീഷിൽ ആശയങ്ങൾ കേൾക്കുന്നതിനും ഓഡിയോ കേൾക്കുന്നതിനും മനസ്സിലാക്കുന്ന തിനും ശേഷി നടുന്നു. | ജൂൺ ജൂലൈ (ആഴ്ചയിൽ ഒരു ദിവസം) | സിഡി പെൻഡ്രൈവ് മൊബൈൽ ലാപ് | |
| | സ്പീക്കിംഗ് | ഒഴുക്കോടെയും തെറ്റില്ലാതെയും ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ പങ്കുവയ്ക്കുന്നതിന് ശേഷി നേടുന്നു | ആഗസ്റ്റ് സെപ്റ്റംബർ (ആഴ്ചയിൽ 3 ദിവസം) | റിക്കോർഡിംഗ് സിസ്റ്റം മൊബൈൽ ലാപ് | |
| | റീഡിംഗ് | ഒഴുക്കോടെയും തെറ്റില്ലാതെയും ഇംഗ്ലീഷ് ഭാഷയിൽ വായിക്കുന്ന തിനും മനസ്സിലാക്കുന്നതിനുമുള്ള ശേഷി നേടുന്നു | സെപ്റ്റംബർ ഒക്ടോബർ നവംബർ (ആഴ്ചയിൽ മൂന്ന് ദിവസം) | പത്രം റീഡിംഗ് മെറ്റീരിയൽ പുസ്തകം ലൈബ്രറി | |
| | | വ്യാകരണ തെറ്റില്ലാതെ ഇംഗ്ലീഷ് ഭാഷയിൽ | നവംബർ | | |

| | | | | | |
|---|---|---|---|---|---|
| | | ആശയങ്ങൾ എഴുതി അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നു | ഡിസംബർ (ആഴ്ചയിൽ രണ്ട് ദിവസം) | ചാർട്ട് പേപ്പർ പെൻ | |
| | റൈറ്റിംഗ് | വ്യത്യസ്ത സാഹിത്യ രൂപങ്ങളിലുള്ള സൃഷ്ടികൾ വായിച്ച് ആസ്വദിക്കുന്ന തിനുള്ള ശേഷി നേടുന്നു. | ജനുവരി ഫെബ്രുവരി (ആഴ്ചയിൽ ഒരു ദിവസം) | പേപ്പർ പെന | |
| സർഗ്ഗപരമായ ശേഷി വികസനം | ആസ്വാദനം | വ്യത്യസ്ത സാഹിത്യ രൂപങ്ങളിൽ സാഹിത്യ സൃഷ്ടി നടത്തുന്നതിനുള്ള ശേഷി നേടുന്നു. | ഫെബ്രുവരി മാർച്ച് (ആഴ്ചയിൽ ഒരു ദിവസം) | | |
| | സർഗ്ഗസൃഷ്ടി | | | മാർക്കർ പെൻ | |

| ഇംഗ്ലീഷ് യു.പി. വിഭാഗം | | | | | |
|---|---|---|---|---|---|
| ശേഷി | പ്രവർത്തനം | കാലം/സമയം | ചുമതല | ഭൗതികം | പിൻതുണ |
| 1. എൽ. എസ്. ആർ. ഡബ്ല്യു. ഇംഗ്ലീഷ് ഭാഷ കേൾക്കാനും സംസാരിക്കാനും എഴുതാനും വായിക്കാനും ഉള്ള ശേഷി എല്ലാ കുട്ടികളും നേടുന്നു | ലിസണിംഗ്<br><br>ഇംഗ്ലീഷ് ഭാഷയിൽ കഥകൾ കേൾക്കാനുള്ള അവസരം (ഓഡിയോ) (ടീച്ചർ ), വീഡിയോ ഷോർട്ട്ഫിലിം എന്നിവയിലൂടെ ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ ഗ്രഹിക്കുന്നു. ഇംഗ്ലീഷ് അസംബ്ലിയിലൂടെ ഇംഗ്ലീഷ് കേട്ട് മനസ്സിലാക്കുന്നു.<br><br>സ്പീക്കിംഗ്<br><br>റോൾ പ്ലേ, സ്റ്റോറി ടെല്ലിംഗ്, ഡിബേറ്റ്, സെമിനാർ, പാനൽ ഡിസ്കഷൻ എന്നിവ സ്കൂൾ തലത്തിലും | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകർ<br>ഇംഗ്ലീഷ് ക്ലബ്ബ് | ലാപ്ടോപ്പ് മൊബൈൽ ഫോൺ എൽ. സി. ഡി പ്രോജക്ടർ | ബി.ആർ.സി എസ്.ആർ. ജി |

| | | | | | |
|---|---|---|---|---|---|
| | ക്ലാസ്സ് തലത്തിലും നടത്തുന്നു, സ്കിറ്റ്, കോറിയോഗ്രാഫി ഇവയിലൂടെ ആശയങ്ങൾ വിനിമയം ചെയ്യുന്നു.<br><br>റീഡിംഗ് -<br><br>ക്ലാസ്തലത്തിൽ ഇംഗ്ലീഷ് കോണർ (പുസ്തകങ്ങൾ, മാഗസിൻ, ന്യൂസ് പേപ്പർ) സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി റീഡിംഗ് മെറ്റീരിയൽ ഇവ കൊടുക്കുന്നു. റീഡിംഗ് കോമ്പറ്റീഷൻ, ബയോഗ്രഫി, ആട്ടോ ബയോഗ്രഫി ഇവ വായിക്കാനുള്ള അവസരം ആസ്വാദനക്കുറിപ്പുക ൾ തയ്യാറാക്കുന്നു.<br><br>റൈറ്റിംഗ് | ജൂൺ മുതൽ മാർച്ച് വരെ<br><br>ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപക ർ<br>ഇംഗ്ലീഷ് ക്ലബ്ബ്<br><br>ഇംഗ്ലീഷ് അധ്യാപക ർ | റിക്കോഡിംഗ് സിസ്റ്റം, കോസ്റ്റ്യൂം, ലൈബ്രറി, ചാർട്ട് പേപ്പർ, മാർക്കർപെൻ | ബി.ആർ.സി എസ്. ആർ. ജി. |

| | | | | | |
|---|---|---|---|---|---|
| <br><br>2.പഠന പിന്നാക്കാവസ്ഥ മാറ്റി തുല്യത കൈവരിക്കൽ. | അക്ഷരങ്ങൾ ഉറപ്പിക്കാനും ചെറിയ വാക്കുകൾ ഉറപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ പോസ്റ്റർ, വാൾ മാഗസിൻ ഇവ തയ്യാറാക്കൽ ഇംഗ്ലീഷ് മാഗസിൻ ക്ലാസ്സ് തലത്തിലും മികച്ച സൃഷ്ടികൾ ഉൾപ്പെടുത്തി സ്കൂൾ തലത്തിലും<br><br>പ്രി ടെസ്റ്റ്<br><br>ഗ്രൂപ്പിംഗ് (നിലവാരമനുസരിച്ച്) റെമഡിയൽ ടീച്ചിംഗ് - അധികസമയം കണ്ടെത്തി വിവിധ കളികളിലൂടെയും ഐ. സി. ടി. സാധ്യത ഉപയോഗപ്പെടുത്തിയും | ജൂൺ മുതൽ മാർച്ച് വരെ<br><br>ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് അധ്യാപകർ | ലാബ് (കമ്പ്യൂട്ടർ) ലാപ് സ്പീക്കർ | ഇംഗ്ലീഷ് ക്ലബ്ബ് എസ്.ആർ.ജി |

| | | | | | |
|---|---|---|---|---|---|
| 3. മികവുള്ള കുട്ടികൾക്ക് ടാലന്റ് ഫണ്ട്. | ഇംഗ്ലീഷ് ഫെസ്റ്റ്<br>ഇംഗ്ലീഷ് തിയറ്റർ<br>ഇംഗ്ലീഷ് റീഡിംഗ് റൂം<br>ഇംഗ്ലീഷ് മാഗസിൻ | വർഷത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ<br>ഇംഗ്ലീഷ് ക്ലബ്ബ് | പുസ്തകങ്ങൾ<br>അനുബന്ധ സാമഗ്രികൾ | പി.ടി.എ<br>എസ്. ആർ. ജി. |

| | | | | | |
|---|---|---|---|---|---|
| | | | | | |

# ഹിന്ദി യു. പി. വിഭാഗം

**ലക്ഷ്യം:**

ഹിന്ദി ഭാഷാപരമായ ശേഷികളുടെ വികസനം

1. ഹിന്ദി ഭാഷയിൽ ആശയങ്ങൾ കേട്ട് മനസ്സിലാക്കുന്നതിനും വായിച്ച് മനസ്സിലാക്കുന്നതിനും തെറ്റില്ലാതെ സംസാരിക്കുന്നതിനും തെറ്റില്ലാതെ ആശയ വ്യക്തതയോടെ എഴുതുന്നതിനും ശേഷി നേടുന്നു.

2. ഹിന്ദി ഭാഷയിൽ എഴുതിയിട്ടുള്ള വിവിധ സാഹിത്യ രൂപങ്ങൾ, വ്യവഹാര രൂപങ്ങൾ എന്നിവ വായിച്ചും കേട്ടും ആസ്വദിക്കുന്നതിനും വിവിധ സാഹിത്യ രൂപങ്ങൾ, വ്യവഹാര രൂപങ്ങൾ എന്നിവയിൽ സൃഷ്ടികൾ നടത്തുന്നതിനും ശേഷി നേടുന്നു.

| ഹിന്ദി യു. പി. വിഭാഗം | | | | | |
|---|---|---|---|---|---|
| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/ കാലം | ഭൗതികം | സാമ്പത്തികം |
| ഭാഷാപരമായ ശേഷികളുടെ വികസനം | ലിസണിംഗ് | ഒഴുക്കോടെ ഹിന്ദിയിൽ ആശയങ്ങൾ കേൾക്കുന്നതിനും മനസ്സിലാ ക്കുന്നതിനുമുള്ള ശേഷി നേടുന്നു | ജൂൺ ജൂലൈ (ആഴ്ചയിൽ ഒരു ദിവസം) | സിഡി പെൻഡ്രൈവ് മൊബൈൽ ഫോൺ | |
| | സ്പീക്കിംഗ് | ഒഴുക്കോടെയും തെറ്റില്ലാതെയും ഹിന്ദിയിൽ സംസാരിക്കാനുള്ള ശേഷി നേടുന്നു. | ആഗസ്റ്റ് സെപ്റ്റംബർ (ആഴ്ചയിൽ 3 ദിവസം) | റീഡിംഗ് മെറ്റീരിയൽസ് ലൈബ്രറി പുസ്തകങ്ങൾ | |
| | റൈറ്റിംഗ് | ഗ്രാമർ തെറ്റില്ലാതെ ഹിന്ദി ഭാഷയിൽ ആശയങ്ങൾ എഴുതി അവതരിപ്പി ക്കാനുള്ള ശേഷി നേടുന്നു. | നവംബർ ഡിസംബർ (ആഴ്ചയിൽ രണ്ട് ദിവസം) | ചാർട്ട് പേപ്പർ പെൻ | |

| | | | | | |
|---|---|---|---|---|---|
| സർഗ്ഗപരമായ ശേഷി | ആസ്വാദനം<br><br>സർഗ്ഗസൃഷ്ടി | വ്യത്യസ്ത സാഹിത്യരൂപങ്ങൾ വായിച്ച് ആസ്വദിക്കുന്നു<br><br>ഹിന്ദി ഭാഷയിൽ വിവിധ വ്യവഹാര രൂപങ്ങളിൽ സാഹിത്യ സൃഷ്ടി നടത്തുന്നു | ജനുവരി ഫെബ്രുവരി (ആഴ്ചയിൽ രണ്ട് ദിവസം) ഫെബ്രുവരി മാർച്ച് (ഒരു ദിവസം) | ലൈബ്രറി പുസ്തകങ്ങൾ<br><br>പേപ്പർ മാർക്കർ പെ ൻ | |

| ഹിന്ദി യു. പി. വിഭാഗം | | |
|---|---|---|
| പ്രവർത്തനം | കാലം/ സമയം | ചുമതല |
| അക്ഷരങ്ങൾ ഉറപ്പിക്കൽ- വിഷ്വൽ മീഡിയയുടെ സഹായത്തോടെ | ജൂൺ | ഹിന്ദി അധ്യാപകർ |
| അക്ഷരമാലാ പാട്ടുകൾ വിവിധ ചാർട്ടുകൾ ഇവ പ്രദർശിപ്പിക്കുന്നു. | ജൂലൈ | ഹിന്ദി അധ്യാപകർ |
| ഹിന്ദി ഭാഷയിലെ ആശയങ്ങൾ കേട്ടു മനസിലാക്കുന്നു | പാഠപ്രവർത്തനങ്ങളോടൊപ്പം | ഹിന്ദി ക്ലബ്<br>ഹിന്ദി അധ്യാപകർ |
| ലളിതമായ ഹിന്ദി ചിത്രകഥകളും ദൃശ്യങ്ങളും കാണാനും കേൾക്കാനും ഉള്ള അവസരം | ആഴ്ചയിൽ രണ്ടു ദിവസം | ഹിന്ദി ക്ലബ്<br>ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ് |
| ഹിന്ദി ഭാഷയിൽ സ്കൂൾ അസംബ്ലി | മാസത്തിൽ ഒരു ദിവസം | |

| | | |
|---|---|---|
| | | പി. ടി. എ. |
| പാഠ്യേതര കവിതകളുടെയും നാടകങ്ങളുടെയും സംഭാഷണങ്ങളുടെയും ദൃശ്യാവിഷ്കാരം (കുട്ടികളെ ഗ്രൂപ്പാക്കി നടത്തുന്നു.) | മാസത്തിൽ ഒരു ദിവസം | ഹിന്ദി അധ്യാപകർ |
| പാഠപുസ്തകത്തിലെ പഠന പ്രവർത്തനങ്ങളുടെ അനിമേഷൻ സിഡി തയ്യാറാക്കി അവതരിപ്പിക്കുന്നു | ദീർഘകാലം | ഹിന്ദി അധ്യാപകർ കുട്ടികൾ |
| ഓരോ പ്രവൃത്തി ദിവസവും ഓരോ ഹിന്ദി വാക്കും പൊരുളും പ്രയോഗവും തിരിച്ചറിയുന്നു. | എല്ലാ ദിവസവും | ഹിന്ദി അധ്യാപകർ |

| | | |
|---|---|---|
| ക്വിസ്സ്, സംവാദം, പ്രസംഗം, സാഹിത്യ രചന, കവിതാലാപനം. ആസ്വാദക്കുറിപ്പ്, സർഗ്ഗവാസനകളുടെ പ്രോത്സാഹനവും പരിശീലനവും | എല്ലാ ദിവസവും | |

# ഗണിതം യു.പി.വിഭാഗം

**ലക്ഷ്യങ്ങൾ**

1. ചതുഷ്ക്രിയകളിലെ ആശയങ്ങൾ കൂട്ടൽ, കുറയ്ക്കൽ, ഗുണിക്കൽ, ഹരിക്കൽ) ഉറപ്പിക്കൽ.

2 സംഖ്യകളുടെ തിരിച്ചറിയൽ, താരതമ്യം, വലുത്, ചെറുത്, ഭിന്നസംഖ്യ ഇവ ഉറപ്പിക്കൽ.

3. ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക ഗണിത പ്രശ്നങ്ങൾക്ക് പരിഹാരം കാണൽ.

4.ജ്യാമിതീയ രൂപങ്ങളെ തിരിച്ചറിയാനും വരയ്ക്കാനും ഉള്ള കഴിവ് നേടൽ.

5. പ്രായോഗിക ജീവിതത്തിലെ അളവുകളേയും തൂക്കങ്ങളേയും മനസ്സിലാക്കാനും ഉപകരണങ്ങൾ നിർമ്മിക്കാനുമുള്ള ശേഷി നേടൽ.

6. ജ്യമിതീയ രൂപങ്ങൾ നിർമ്മിക്കാനുള്ള ശേഷി നേടൽ.

7. മികവ് പുലർത്തുന്ന കുട്ടികൾക്ക് അധികപരിശീലനത്തിലൂടെ ഉയർന്ന നിലവാര മെത്തിക്കൽ.

8.ഗണിത ന്യൂസിയം നിർമ്മാണം.

| ഗണിതം യു.പി.വിഭാഗം | | | | | |
|---|---|---|---|---|---|
| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/ കാലം | ഭൗതികം | സാമ്പത്തികം |
| 1.ചതുഷ് ക്രിയകളിലെ ആശയങ്ങൾ | സംഖ്യാബോധം ഉറപ്പിക്കുക | കൂട്ടൽ, കുറയ്ക്കൽ, ഗുണിക്കൽ-ഹരിക്കൽ ചതുഷ് ക്രിയകൾ ഉറപ്പിക്കൽ | ജൂൺ ജൂലൈ (എല്ലാ ദിവസവും) | മാർക്ക് ഷീറ്റ് കാർഡുകൾ | |
| 2. സംഖ്യകൾ തിരിച്ചറിയുന്നു താരതമ്യം ചെയ്യുന്നു | അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നു | സംഖ്യാകളുടെ താരതമ്യം വലുത്-ചെറുത് അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നു | ആഗസ്റ്റ് സെപ്റ്റംബർ | സംഖ്യാ കാർഡുകൾ വസ്തുക്കൾ | |
| 3.പ്രശ്ന നിർധാരണ ശേഷി | ഗണിത കളരി | ജീവിതവുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾക്ക് പരിഹാരം കാണൽ | സെപ്റ്റംബർ ഒക്ടോബർ | ചാർട്ട് ചിത്രങ്ങൾ | |
| 4. ജ്യാമിതീയ ഉപകരണങ്ങൾ | ഗണിത ശിൽപശാല | ജ്യാമിതീയ രൂപങ്ങളെ തിരിച്ചറിയുന്നു, വരയ്ക്കുന്നു, നിർമ്മിക്കുന്നു<br>പ്രായോഗിക ജീവിതവുമായി | നവംബർ ഡിസംബർ | ചാർട്ട് കാർഡ് ബോർഡ് പെൻ പേപ്പർ | |

| | | | | | |
|---|---|---|---|---|---|
| 5. അളവുകൾ തൂക്കങ്ങൾ<br><br>6. മികവാർന്ന കുട്ടികൾക്ക് അധിക പരിശീലനം | അളവുപകരണങ്ങൾ നിർമ്മാണവും പ്രദർശനവും<br><br>യു.എസ്.എസ്. കുട്ടികൾക്ക് അധിക പരിശീലനം | ബന്ധപ്പെട്ട അളവുകളെയും തൂക്കങ്ങളെയും തിരിച്ചറിയുന്നു. ഉപകരണങ്ങൾ നിർമ്മിക്കാനുള്ള നൈപുണി നേടുന്നു.<br><br>പ്രതിഭകളായ കുട്ടികളെ ഉയർന്ന നിലവാരത്തിലെത്തിക്കാൻ പ്രത്യേകം പരിശീലനം | ജനുവരി ഫെബ്രുവരി<br><br>ആഴ്ചയിൽ ഒരു ദിവസം | വർക്ക് ഷീറ്റ് മാതൃകാ ചോദ്യങ്ങൾ | |

| ഗണിതം യു.പി.വിഭാഗം | | | | | | |
|---|---|---|---|---|---|---|
| ശേഷി | പ്രവർത്തനം | കാലം/സമയം | ഹ്രസ്വം/ദീർഘം | ചുമതല | ഭൗതികം | പിന്തുണ |
| 1. സംഖ്യാബോധം | 1. സംഖ്യാ ബോധം ഉറപ്പിക്കുന്ന കളികൾ, കാർഡ് കളി, എണ്ണിയും പാട്ടും<br><br>2. സ്ഥാനവില പോക്കറ്റുകൾ, പ്രവർത്തനങ്ങൾ<br><br>3. ഗണിതവത്കരണം ക്ലാസ്സ് മുറി സ്കൂൾ ചുമര് എന്നിവ ഗണിതാശയങ്ങളുള്ള ചിത്രങ്ങളും രൂപങ്ങളും വരച്ച് ആകർഷകമാക്കൽ.<br><br>സങ്കലനം സ്ഥാനവിലയ്ക്കനുസരിച്ച് സംഖ്യകളുടെ ക്രമീകരണം ഓരോ സ്ഥാനത്തും ശിഷ്ടം വരുന്ന അക്കങ്ങളുടെ | ജൂൺ ജൂലൈ | ഹ്രസ്വം | ഗണിതാധ്യാപകർ പിന്നോക്കം നിൽക്കുന്ന കുട്ടികൾ | ചാർട്ട് , കാർഡ് ബോഡ്, പെയിന്റ്<br><br>ചാർട്ട് | ടീച്ചർ ഗ്രാന്റ് |

| | | | | | | |
|---|---|---|---|---|---|---|
| 2 അടിസ്ഥാന ക്രിയകൾ | എണ്ണം കൂട്ടുന്നു.<br>(സ്ഥാനവിലപ്പോക്കറ്റ്)<br>പരിശീലന ബുക്ക് നിർമ്മിച്ചു നൽകുന്നു.<br>വിലയിരുത്തുന്നു. | ജൂലൈ<br>ആഗസ്റ്റ് | ഹ്രസ്വം | ഗണിതാധ്യാപ<br>കർ<br>മെച്ചപ്പെട്ട<br>കുട്ടികൾ | ബോർഡ് | ടീച്ചർ<br>ഗ്രാന്റ് |
| | 2. വ്യവകലനം<br>(ബുകളിൽ കൊടുത്ത പ്രവർത്തനങ്ങൾ വ്യവകലനത്തിനും നൽകുന്നു)<br>ഗുണനം<br>ഗുണനവസ്തുതകൾ ഉറപ്പിക്കൽ<br>ആവർത്തന സങ്കലനം, കൂട്ടങ്ങൾ<br>ഗുണനക്രിയകൾ<br>(പരിശീലനബുക്ക് നിർമ്മിച്ച് നൽകുന്നു. | | | | ചാർട്ട്<br>ബോർഡ് | |
| | 3. ഹരണം<br>ആവർത്തന വിവലനം എന്ന ആശയം ഉറപ്പിക്കൽ<br>ഗുണവസ്തുതകളെ ഉപയോഗപ്പെടുത്തിയുള്ള ഹരണം | സെപ്റ്റംബ<br>ർ<br>ഒക്ടോബർ | ഹ്രസ്വം | ഗണിതാധ്യാപ<br>കർ<br>മെച്ചപ്പെട്ട<br>കുട്ടികൾ | | സെൽ<br>ഫ് |

| | | | | | | |
|---|---|---|---|---|---|---|
| 3. ഗണിതാശയങ്ങൾ ഉറപ്പിക്കൽ | 5. ഗണിതക്കളരി പ്രാപഠനശേഷി, യുക്തിചിന്ത ഇവ വളർത്തിയെടുക്കുന്നതിനായി ഗണിക്കളരി സംഘടിപ്പിക്കുന്നു<br><br>6.ഗണിത ശില്പശാല ഗണിതാശയങ്ങൾ ഉപയോഗിച്ചുള്ള നിർമ്മാണം, ഗണിത രൂപങ്ങൾ ഉപയോഗിച്ചുള്ള നിർമാണം, അളവുപകരണങ്ങളുടെ നിർമ്മാണം എന്നി പരിശീലനങ്ങൾ നൽകുന്നു.<br><br>7.ന്യൂമാറ്റ്സ്, യു. എസ്. എസ് പരിശീലനം. ന്യൂമാറ്റ്സ്, യു എസ് എസ് പരീക്ഷയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടവർ | നവംബർ ഡിസംബർ<br><br>ജൂലൈ, ആഗസ്റ്റ് സെപ്റ്റംബർ | ഹ്രസ്വം<br><br>ദീർഘം | ഗണിതാധ്യാപകർ മെച്ചപ്പെട്ട കുട്ടികൾ<br><br>ഗണിതാധ്യാപകർ | ചാർട്ട് ചിത്രം<br><br>വിവിധ ഉൽപ്പന്നങ്ങൾ വസ്തുക്കൾ | സെൽഫ്<br><br>സെൽഫ് |

| | | | | | | |
|---|---|---|---|---|---|---|
| | ക്ക് പ്രത്യേക പരിശീലനം | ഒരു ദിവസം | ഹ്രസ്വം | ഗണിതാധ്യാപകർ വിദഗ്ധർ | പേപ്പർ, തടി തെർമോക്കോൾ | ടീച്ചർ ഗ്രാന്റ് |
| 4. ന്യൂമാറ്റ്സ്, യു എസ്.എസ്. പരിശീലനം | | ജൂൺ മുതൽ ഫെബ്രുവരി വരെ | ദീർഘം | ഗണിതാധ്യാപകർ | മാതൃകാ ചോദ്യങ്ങൾ വർക്ക്ഷീറ്റും | സെൽഫ് |

## അടിസ്ഥാന ശാസ്ത്രം - യു.പി.വിഭാഗം

ലക്ഷ്യങ്ങൾ :

1. ശാസ്ത്രാഭിമുഖ്യവും പ്രക്രിയാശേഷിയും വളർത്തുക.

2. ശാസ്ത്ര പഠനത്തിന്റെ പ്രായോഗിക പാഠങ്ങൾ സ്വായത്തമാക്കുക.

3. ശാസ്ത്രസംബന്ധിയായ പുതിയ ആശയങ്ങൾ സമൂഹവുമായി പങ്കിടുക

4. കുട്ടികളിൽ നിരീക്ഷണ - പരീക്ഷണ പാടവം വളർത്തുക.

5. മികച്ച ശാസ്ത്ര പ്രതിഭകൾക്ക് കൂടുതൽ പരിശീലനം നൽകി നിലവാരമുയർത്തുക.

6. ശാസ്ത്രസംബന്ധിയായ പാഠപുസ്തകങ്ങൾ കുട്ടികളുടെ നേതൃത്വത്തിൽ നിർമ്മിക്കുക.

| അടിസ്ഥാന ശാസ്ത്രം - യു.പി. വിഭാഗം | | | | | |
|---|---|---|---|---|---|
| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം | സാമ്പത്തികം |
| 1. ശാസ്ത്രാഭിരുചി വളർത്തൽ തയ്യാറാക്കൽ | ശാസ്ത്ര കിറ്റ് | ശാസ്ത്രാഭിരുചിയും പ്രക്രിയാശേഷിയും വളർത്തൽ | ജൂൺ ജൂലൈ | പി. ടി. എ<br>എസ്. എസ്. ജി. | |
| 2. ശാസ്ത്രവും സമൂഹവും | സയൻസ് സെമിനാർ | ശാസ്ത്ര പഠനത്തിന്റെ പ്രായോഗിക പാഠങ്ങൾ സ്വായത്തമാക്കുക | ആഗസ്റ്റ് സെപ്റ്റംബർ | സയൻസ് ക്ലബ്ബ്<br>ബി. ആർ. സി | |
| 3. നൂതന ആശയങ്ങൾ | ശാസ്ത്രോത്സവം എക്സിബിഷൻ | ശാസ്ത്ര സംബന്ധിയായ പുതിയ ആശയങ്ങൾ സമൂഹവുമായി പങ്കുവെക്കുന്നു | ഒക്ടോബർ നവംബർ | സയൻസ് ക്ലബ്ബ്<br>ബി. ആർ. സി | |
| 4. പരീക്ഷണ നിരീക്ഷണങ്ങൾ | ഒരു നൂറു പരീക്ഷണങ്ങൾ | കുട്ടികളുടെ പരീക്ഷണ നിരീക്ഷണ പാടവം വർദ്ധിപ്പിച്ച് ശാസ്ത്രാഭിരുചി വളർത്തൽ<br>മികച്ച ശാസ്ത്രാഭിമുഖ്യം പുലർത്തുന്ന | ഡിസംബർ ജനുവരി | ലാബ് വിദഗ്ധർ പി.ടി. എ.<br>വിദഗ്ധർ എസ്. എസ്. ജി. | |

| | | | | | |
|---|---|---|---|---|---|
| 5. മികവ് | ടാലന്റ് ഹണ്ട് | കുട്ടികൾക്ക് അധിക പരിശീലനം | ജൂൺ മുതൽ ഫെബ്രുവരി വരെ | | |

| അടിസ്ഥാന ശാസ്ത്രം - യു.പി. വിഭാഗം | | | | | | |
|---|---|---|---|---|---|---|
| ശേഷി | പ്രവർത്തനം | കാലം/സമയം | ചുമതല | ഭൗതികം | ഹ്രസ്വം/ദീർഘം | സാമ്പത്തികം |
| 1.ശാസ്ത്രാഭിരുചി വളർത്തൽ. | ശാസ്ത്രകിറ്റ് തയ്യാറാക്കൽ യൂണിറ്റിലെ പ്രവർത്തനങ്ങളും പരീക്ഷണങ്ങളും ചെയ്യുന്നതിനാവശ്യമായ വസ്തുക്കളും ഉപകരണങ്ങളും കണ്ടെത്തി ശാസ്ത്ര കിറ്റ് തയ്യാറാക്കുന്നു. കുട്ടികൾ ഗ്രൂപ്പ് തിരിഞ്ഞ് ശാസ്ത്രകിറ്റ് ഉപയോഗിച്ച് പരീക്ഷണങ്ങൾ ചെയ്യുന്നു. | ജൂൺ ജൂലൈ | സയൻസ് അധ്യാപകർ | പി.ടി.എ | ഹ്രസ്വം | ടീച്ചർ ഗ്രാൻറ് |
| 2.ശാസ്ത്രപഠനത്തിന്റെ പ്രായോഗിക പാഠങ്ങൾ സ്വായത്തമാക്കുക | ശാസ്ത്രച്ചുമർ നിർമ്മാണം ശാസ്ത്രവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, കണ്ടെത്തലുകൾ, വാർത്തകൾ തുടങ്ങിയവ ഉപയോഗിച്ച് ചുമർ ആകർഷകമാക്കുന്നു | ആഗസ്റ്റ് സെപ്റ്റംബർ | സയൻസ് അധ്യാപകർ കുട്ടികൾ | സയൻസ് ക്ലബ്ബ് | ഹ്രസ്വം | ടീച്ചർ ഗ്രാൻറ് സെൽഫ് |

| | | | | | | |
|---|---|---|---|---|---|---|
| 3.നൂതന ആശയങ്ങൾ സമൂഹവുമായി പങ്കു വയ്ക്കുന്നു | ശാസ്ത്രസംബന്ധിയായ പതിപ്പുകൾ ചിത്രങ്ങൾ, മാഗസിനുകൾ, മാതൃകകൾ എന്നിവ പ്രദർശിപ്പിച്ച് എക്സിബിഷൻ | ഒക്ടോബർ നവംബർ | സയൻസ് അധ്യാപകർ സയൻസ് ക്ലബ്ബ് | പി.ടി.എ എസ്.എസ്.ജി. വിദഗ്ധർ | ഹ്രസ്വം | ടീച്ചർ ഗ്രാന്റ് |
| 4. കുട്ടികളുടെ നിരീക്ഷണ പാടവം വർദ്ധിപ്പിച്ച് ശാസ്ത്രാഭിരുചി വളർത്തുക | ഒരു നൂറ് പരീക്ഷണങ്ങൾ യു.പി. ക്ലാസ്സുകളിലെ ശാസ്ത്രാശയങ്ങളെ അടിസ്ഥാന മാക്കി ചെലവ് കുറഞ്ഞ വസ്തുക്കൾ ഉപയോഗിച്ച് ഒരു വർഷം കൊണ്ട് നൂറ് പരീക്ഷണങ്ങൾ നടത്തുന്നു. ശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാനാശയങ്ങൾ കുട്ടികളിലെത്തിക്കാനും ശാസ്ത്രീയ മനോഭാവം വളർത്താനും ലക്ഷ്യമിടുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ മികച്ച കുട്ടികൾ | എസ്.എസ്.ജി. വിദഗ്ധർ | ദീർഘം | സെൽഫ് |
| 5. ശാസ്ത്രാഭിമുഖ്യം പുലർത്തുന്ന സയൻസിലെ മികച്ച കുട്ടികളെ കണ്ടെത്തി | ടാലന്റ് ഹണ്ട് സയൻസിലെ മികച്ച കുട്ടികളെ കണ്ടെത്തി അധിക പരിശീലനത്തിലൂടെ നിലവാരമുയർത്തുന്നു. | | സയൻസ് അധ്യാപകർ | ഇന്റർനെറ്റ് വിദഗ്ധർ | ദീർഘം | പി. ടി. എ. |

| | | | | | | |
|---|---|---|---|---|---|---|
| അധിക പരിശീലനം | പാഠപുസ്തക രചന ശാസ്ത്ര സംബന്ധിയായ പാഠപു സ്തകങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികൾ നിർമ്മി ക്കുന്നു. | ജൂൺ മുത ൽ ഫെ ബ്രു വരി വരെ | | കമ്പ്യൂട്ട ർ പ്രിന്റ ർ | | |

# സാമൂഹ്യശാസ്ത്രം - യു.പി. വിഭാഗം

ലക്ഷ്യം

1. ചരിത്രബോധം വളർത്തിയെടുക്കൽ.

2. തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്ര പഠനം.

3. ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം 4. തെരഞ്ഞെടുപ്പ് പ്രക്രിയ തിരിച്ചറിയൽ

4. ജനാധിപത്യ ബോധവും പൗരധർമ്മവും വളർത്തൽ.

5. മോഡൽ പാർലമെന്റിന്റെ വിവിധ ഘടകങ്ങളിലൂടെ പങ്കാളിത്തം.

6. സംവാദാത്മക പഠനത്തിലൂടെ വിവിധ സാമൂഹ്യ വിഷയങ്ങളിൽ പ്രതികരിക്കുന്നു.

7. ഭൂപട നിർമ്മാണ ശേഷി.

8. അറ്റ്ലസ് നിർമ്മാണ ശേഷി.

9. ഗ്ലോബ് നിർമ്മാണ ശേഷി.

10. സാമൂഹ്യ ശാസ്ത്ര ലാബ് നവീകരണം.

| സാമൂഹ്യശാസ്ത്രം - യു.പി. വിഭാഗം | | | | | |
|---|---|---|---|---|---|
| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം | സാമ്പത്തികം |
| 1. ചരിത്രബോധം | പുരാവസ്തു പ്രദർശനം<br>മ്യൂസിയം സന്ദർശനം<br>സ്കൂൾ മ്യൂസിയം തയ്യാറാക്കൽ | തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്ര പഠനം<br>ചരിത്ര ശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം | ജൂൺ ജൂലൈ | പി.ടി. എ. | |
| 2. ജനാധിപത്യ ബോധം<br>പൗര ബോധം | തെരഞ്ഞെടുപ്പ് പ്രക്രിയ<br>മോഡൽ പാർലമെന്റ്<br>പ്രസംഗ കളരി | ജനാധിപത്യ സമ്പ്രദായത്തിലെ വിവിധ ഘടകങ്ങൾ തിരിച്ചറിഞ്ഞു അതിൽ പങ്കാളിയാകുന്നു | ആഗസ്റ്റ് സെപ്റ്റംബർ | തെരഞ്ഞെടുപ്പ് സാമഗ്രികൾ | |
| 3. ഭൂപട വായന ശേഷി | ഭൂപടവുമായി ബന്ധപ്പെട്ട കളികൾ<br>ഭൂപട പസിൽ നിർമ്മാണം<br>അറ്റ്ലസ് നിർമ്മാണം<br>ഗ്ലോബ് നിർമ്മാണം | ഭൂപടം, ഗ്ലോബ്, അറ്റ്ലസ് നിർമ്മാണ നൈപുണി നേടുന്നു<br>സംവാദാത്മക പഠനത്തിലൂടെ സാമൂഹ്യ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞു പ്രതികരിക്കുന്നു | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | ചാർട്ട്<br>മാപ്പ്<br>സൺ പായ്ക്ക് ഷീറ്റ് | |

| | | | | | |
|---|---|---|---|---|---|
| 4. സാമൂഹ്യ ശാസ്ത്ര ലാബ് നവീകരണം | ലാബ് ആകർഷകമാക്കൽ ചിത്രീകരണം നിശ്ചല മാതൃകകൾ പ്രവർത്തന മാതൃകകൾ | ഭൂപട വായന ശേഷി വളർത്തൽ ലാബ് നവീകരണത്തിലൂടെ സാമൂഹ്യ ശാസ്ത്ര അവബോധം | നവംബർ മുതൽ മാർച്ച് വരെ | പെയിന്റ് ചാർട്ട് വിവിധ മോഡലുകൾ | |

| സാമൂഹ്യശാസ്ത്രം - യു.പി. വിഭാഗം | | | | | |
|---|---|---|---|---|---|
| ശേഷി | പ്രവർത്തനം | കാലം/ സമയം | ചുമതല | ഭൗതികം | പിന്തുണ |
| 1. കുട്ടികളിൽ ചരിത്ര ബോധം വളർത്തിയെടുക്കൽ | പഴയകാല ഉപകരണങ്ങൾ ശേഖരിക്കൽ<br>പുരാവസ്തു പ്രദർശനം<br>സ്കൂൾ ചരിത്രമ്യൂസിയം തയ്യാറാക്കൽ | ജൂൺ ജൂലൈ ഓഗസ്റ്റ് | എസ്.എസ്. ക്ലബ്ബ് സാമൂഹ്യ ശാസ്ത്ര അധ്യാപകർ | ബി. ആർ. സി. എസ്.എ സ്.ജി | പി ടി എ ടീച്ചേഴ്സ് ഗ്രാന്റ്<br>പി. ടി. എ. ടീച്ചേഴ്സ് ഗ്രാന്റ |
| 2 ജനാധിപത്യബോധവും പൗരബോധവും പൗരധർമ്മവും വളർത്തുക | സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്<br>ഇലക്ഷൻ വിജ്ഞാപനം<br>നാമനിർദ്ദേശ പ്രതിക സ്വീകരിക്കൽ<br>സൂക്ഷ്മനിരീക്ഷണം<br>പിൻവലിക്കൽ<br>വോട്ടെടുപ്പ് (ബാലറ്റ് പേപ്പർ ഉപയോഗിച്ച്<br>ഫലപ്രഖ്യാപനം സത്യ പ്രതിജ്ഞ<br>മോഡൽ പാർലമെന്റ് രൂപീകരണം<br>വകുപ്പുകളുടെ ചുമതല<br>പാർലമെന്റ് സഭ ചേരൽ<br>പ്രസംഗക്കളരി | ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ | എസ് എസ് ക്ലബ് സാമൂഹ്യ ശാസ്ത്ര അധ്യാപകർ | ബി.ആർ. സി എസ് എസ്.ജി<br>ബി. ആർ. സി. എസ്.എ സ്.ജി | പാർലമെന്ററി വകുപ്പ് |

| | | | | | |
|---|---|---|---|---|---|
| 3. ഭൂപട വായനാ ശേഷി വളർത്തൽ | ഭൂപടവുമായി ബന്ധപ്പെട്ട പസിൽ നിർമ്മാണം<br>ഭൂപടവുമായി ബന്ധപ്പെട്ട വിവിധ കളികൾ ഭൂപട നിർമ്മാണം<br>അറ്റ്ലസ് നിർമ്മാണം | ഒക്ടോബർ നവംബർ ഡിസംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | ബി. ആർ. സി. എസ്.എസ്.ജി | പി ടി എ ടീച്ചേഴ്സ് ഗ്രാന്റ് |
| 4. സാമൂഹ്യശാസ്ത്ര ലാബ് നവീകരണം | സാമൂഹ്യശാസ്ത്ര ലാബ് ആകർഷകമാക്കൽ ചിത്രീകരണം വിവിധ നിശ്ചല മാതൃകകൾ, പ്രവർത്തന മാതൃകകൾ നിർമ്മിക്കൽ | ജനുവരി ഫെബ്രുവരി മാർച്ച് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് സാമൂഹ്യ ശാസ്ത്ര അധ്യാപകർ | ബി.ആർ. സി എസ് എസ്.ജി<br>ബി. ആർ. സി. എസ്.എസ്.ജി | പി ടി എ ടീച്ചേഴ്സ് ഗ്രാന്റ് |

# ലൈബ്രറി നവീകരണം

അക്കാദമിക പ്രവർത്തനങ്ങളെ മികവുറ്റതാക്കാൻ സഹായിക്കുന്ന താണ് സ്കൂൾ ലൈബ്രറി കുട്ടികളിൽ വായനശീലം വളർത്തി മൂല്യബോധവും പ്രതികരണശേഷിയും വളർത്തിയെടുക്കുന്നതിൽ സ്കൂൾ ലൈബ്രറിക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും. വിദ്യാർ ത്ഥികളുടെ സർഗ്ഗശേഷിയെ വളർത്തുന്നതിനും വിവിധ സാഹിത്യ പ്രസ്താനങ്ങളേയും വൈജ്ഞാനിക കൃതികളെയും അടുത്തറിയുന്നതിനും സ്കൂൾ ലൈബ്രറി വലിയ പങ്കു വഹി ക്കുന്നു. നിരന്തരമുള്ള വായനയിലൂടെ വായിച്ചു വളർന്ന് ചിന്തിച്ച് വിവേകം നേടി. സംസ്കൃത ചിത്തനാക്കുന്നതിന് ലൈബ്രറി സഹായിക്കുന്നു.

ലക്ഷ്യങ്ങൾ

1. വായിച്ചുവളരാനും ചിന്തിച്ച് വിവേകം നേടുന്നതിനും കുട്ടിയെ പ്രാപ്ത നാക്കുക

2. വായിച്ചുകിട്ടിയ വിവരങ്ങളെ അവസരോചിതമായി ഉപയോഗിക്കുന്നതി നുള്ള കഴിവ് നേടുക.

സർഗ്ഗാത്മ കൃതികളും വൈജ്ഞാനിക കൃതികളും വിവിധ സാഹിത്യ പ്രസ്ഥാനങ്ങളും തിരിച്ചറിയുക

4 പഠന പ്രവർത്തനങ്ങൾക്കുള്ള റഫറൻസിയായി സ്കൂൾ ലൈബ്രറി ഉപ യോഗിക്കണം.

5. വായനയിലൂടെ കുട്ടിയുടെ സമഗ്ര വളർച്ച ഉണ്ടാക്കുക. ഭാഷാപരമായശേഷി നേടുക.